*In the name of Allah, the Most Gracious, the Most Merciful*



# MESSAGE TO HUMANITY

## Hazrat Khalifatullah Munir A. Azim (Atba)

## 31 MARCH 2020

**MESSAGE TO HUMANITY**
**മാനവരാശിയ്ക്കൊരു സന്ദേശം**

## 2020 മാർച്ച് 31ന് ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം(atba) മാനവരാശിക്കു നൽകിയ സന്ദേശം

തശ്ശഹ്ഹുദാ, തഅവസ്, സൂറ ഫാത്തിഹ ഇവ ഓതിയ ശേഷം ഹസ്രത്ത് ഖലീഫത്തുല്ലാഹ് **(atba)**, മാനവരാശിക്ക് താഴെ കാണുന്ന സന്ദേശം നല്കുകയുണ്ടായി.

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വ ബർക്കാത്തുഹു

**മാനവരാശി അപകടത്തിലാണ്.** എന്റെ പ്രിയ സഹോദരന്മാരെ, സഹോദരിമാരെ, കുഞ്ഞുങ്ങളെ, മാനവരാശി അപകടത്തിലാണ്. ഇതൊരു വെറും താക്കീതല്ല. നമ്മൾ ജീവിച്ചിരിക്കുന്നു എന്നതുപോലെ യാഥാർത്ഥ്യമായ ഒരു വസ്തുതയാണത്. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ദൂതനും, അല്ലാഹുവിന്റെ ഖലീഫയും എന്ന നിലയിൽ, അല്ലാഹു ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ എനിക്ക്, ലോകം പലതരത്തിലുള്ള വിപത്തുകളാൽ വലയം ചെയ്യപ്പെടുമെന്ന് അറിയിപ്പുകൾ നല്കുകയുണ്ടായി. മനുഷ്യർ പ്രകൃതി ദുരന്തങ്ങളെന്നും, പലതരത്തിലുള്ള വൈറസുകളെന്നും ഒക്കെ പേരിട്ടു വിളിച്ച പല വിപത്തുകളും നമ്മുടെ രാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

അല്ലാഹു കരുണാമയനല്ല എന്നും, ഒരിയ്ക്കലും അവനാർക്കും മാപ്പുകൊടുക്കില്ല എന്നൊന്നും ഒരിയ്ക്കലും വിചാരിയ്ക്കരുത്. ലോകത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന വിപത്തുകൾക്കും, ദുരന്ത

ങ്ങൾക്കും പിന്നിൽ മനുഷ്യരുടെ കൈകളാണ് (ചെയ്തികളാണ്) എന്ന് എപ്പോഴും ഓർത്തുകൊള്ളുക. സ്വന്തം ചെയ്തികളിലൂടെ മനുഷ്യൻ അവനു തന്നെ സ്വയം വിനാശം വരുത്തിവെയ്ക്കുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാരം പറയുന്നു. മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പിട്ടിരിക്കുന്നു. തത്ഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ (ദുഷ്കൃത്യങ്ങളിൽ) നിന്നു മടങ്ങുന്നതിനു വേണ്ടി (അർറൂം 30:42)

ഇത് ദൈവീകദൃഷ്ടാന്തമായി മാറുന്നത്, ഒരു നാട്ടിൽ, ഒരു വിപത്ത് ഉണ്ടാകുന്നതിന് മുമ്പെ തന്നെ, അല്ലാഹു തന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനെ ഈ വിവരം അറിയിച്ചുകൊടുക്കുകയും, അദ്ദേഹം അതു സംബന്ധമായി ജനങ്ങൾക്കു താക്കീതു കൊടുക്കുകയും ചെയ്യുമ്പോഴാണ്.

**വൈറസുകൾ** ഉൾപ്പടെ എല്ലാ ജീവജാലങ്ങളും അല്ലാഹുവിന്റെ സൃഷ്ടിജാലങ്ങളാണ് എന്ന വസ്തുത ഓർത്തുവെക്കുക. വിശുദ്ധഖുർആനിൽ, അല്ലാഹു(ത) അവനെ മാത്രം ആരാധിക്കുന്നതിനു പകരമായി മനുഷ്യർ അവനുപങ്കുകാരെ വയ്ക്കുന്നതിനെപറ്റി പറയുന്നു. ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടിയ്ക്കുക എന്ന കഴിവ് തനിയ്ക്കു മാത്രം അവകാശപ്പെട്ടതാണ് എന്ന് അല്ലാഹു വ്യക്തമാക്കുന്നു. അല്ലാഹുവിന്റെ അനുമതി കൂടാതെ ഒരാൾക്കും, ഒരു ശാസ്ത്രജ്ഞനും, ഒരു വ്യാജദൈവത്തിനും ഒന്നുമില്ലായ്മയിൽ നിന്നും എന്തെങ്കിലും സൃഷ്ടിച്ചെടുക്കാൻ സാധിക്കുകയില്ല. സൃഷ്ടിയ്ക്കുവാനുള്ള ശേഷിയും അധികാരവും അല്ലാഹുവിനു മാത്രമാണ്. മനുഷ്യർ താൻ സൃഷ്ടിച്ചെടുത്തു എന്ന് അവകാശവാദമുന്നയിയ്ക്കുന്നതൊക്കെ വെറും നൈമിഷകമായതു മാത്രമാണ്.

മറ്റെന്തിന്റെ എങ്കിലും സഹായം കൂടാതെ മനുഷ്യൻ നിർമ്മിച്ചെടുക്കുന്നതൊന്നും തന്നെ സൃഷ്ടി എന്ന വിഭാഗത്തിൽ വരികയുമില്ല.

അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു:

ഹേ മനുഷ്യരേ, ഒരു ഉപമ വിവരിക്കപ്പെടുന്നു. അപ്പോൾ നിങ്ങളത് ശ്രദ്ധിച്ചു കേൾക്കുക. അല്ലാഹുവിനു പുറമേ നിങ്ങൾ ആരെയെല്ലാം വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല. അവരെല്ലാവരും അതിനു വേണ്ടി സംഘടിച്ചാൽ പോലും അവരിൽ നിന്നും ഈച്ച വല്ലതും തട്ടിക്കൊണ്ടു പോകുന്നതായാൽ അതിൽ (ഈച്ചയിൽ) നിന്ന്, അതിനെ വീണ്ടുക്കുകയുമില്ല. സഹായമർത്ഥിക്കുന്നവനും, സഹായമർത്ഥിക്കപ്പെടുന്നവനും ബലഹീനർതന്നെ.അല്ലാഹുവിന്റെ ഗുണങ്ങളെ അതർഹിക്കുന്നവിധം അവർ വിലയിരുത്തിയില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപശാലിയും ആകുന്നു. (അൽഹജ്ജ് 22:74-75)

**കോവിഡ്-19** എന്ന മഹാമാരി ലോകത്തെ വലയം ചെയ്തു കാർന്നുതിന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന നമ്മൾ ഓരോരുത്തരും ഓർത്തിരിക്കേണ്ട ഒരു സംഗതിയുണ്ട്. 20-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് 1918-ൽ ഈ ഗണത്തിൽപ്പെട്ട ഒരു **വൈറസ്** ആക്രമണം ഇന്ത്യയുൾപ്പടെയുള്ള ലോകരാജ്യങ്ങളെ മുൾമുനയിൽ നിർത്തുകയും ഏതാണ്ട് 50 ദശലക്ഷത്തിലേറെ ആൾക്കാർ മരണത്തിന് കീഴടങ്ങുകയും ചെയ്തു എന്നതാണ് അത്. ലോകമെമ്പാടും മരണം വാരിവിതറിയ ഈ വൈറസ് "**സ്പാനിഷ് വൈറസ്**"എന്നാണറിയപ്പെട്ടത്. അന്ന്, ആ മഹാമാരിയിൽ നിന്നും കഷ്ടിച്ചു രക്ഷപ്പെട്ടവരെ സംബന്ധിച്ചിടത്തോളം അന്ത്യവിധിനാൾ കൺമുന്നിലൂടെ കടന്നു പോയ അനുഭവമായിരുന്നു അന്ന് അവർക്ക്.

അല്ലാഹു മഹത്വമുടയവനാകുന്നു. ലോകത്തെ പിടിച്ചുലയ്ക്കാൻ പോകുന്ന വൻവിപത്തുകളെപ്പറ്റി അവൻ തന്റെ ദൂതനെ, ഈ വിനീതദാസനെ മുൻകൂട്ടി അറിയിച്ചു തന്നിരുന്നു. ദൈവീക വെളിപാടുകളിലൂടെ ഇവ സംബന്ധിച്ചു വ്യക്തമായ അറിവു ലഭിച്ചതിനു ശേഷം ഒരു ദൈവദൂതനെ മാത്രമേ, വരാൻ പോകുന്ന ഇന്നയിന്ന കാര്യങ്ങൾ ദൈവീകദൃഷ്ടാന്തമാണ് എന്നു ലോകരോട് പറയുവാൻ പറ്റുകയുള്ളു. മനുഷ്യരാൽ തെരെഞ്ഞെടുക്കപ്പെട്ട, ദൈവവുമായി സംസർഗ്ഗമില്ലാത്ത, നേതാക്കൾക്ക് ഇത്തരം വാദങ്ങൾ നടത്തുവാൻ സാധിക്കുകയില്ല. വാഗ്ദത്തമസീഹും, അല്ലാഹുവിന്റെ ദൂതനും, തന്റെ കാലാഘട്ടത്തിലെ വിശ്വാസ പുനരുദ്ധാരകനുമായിരുന്ന ഹസ്രത്ത്

മിർസാഗുലാം അഹ്മദ്(അ)ന് ഇത്തരം വാദങ്ങളും, പ്രവചനങ്ങളും നടത്തുവാൻ സാധിച്ചിരുന്നു. കാരണം അദ്ദേഹത്തിന് അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ ലഭ്യമായിരുന്നു. അതുപോലെ, ഈ കാലഘട്ടത്തിൽ എനിയ്ക്ക് അങ്ങനെ ചെയ്യാൻ കഴിയുന്നത്, അല്ലാഹു ഈ വിനീത ദാസനെ, അവന്റെ ദൂതനും, ഖലീഫത്തുല്ലാഹുമായി ഉയർത്തിയതുകൊണ്ടാണ്. ഈ കാലഘട്ടത്തിൽ, നാം ലോകമൊട്ടുക്കുമുള്ള നാശങ്ങൾക്ക് സാക്ഷിയായിക്കൊണ്ടിരിക്കുകയാണ്. ഇത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു മാത്രം ഒതുങ്ങിക്കൂടിയിരിക്കുന്ന ഒന്നല്ല, മറിച്ച് ലോകത്തെയാകമാനം വിഴുങ്ങുന്ന ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്നു. ദൈവീകദൃഷ്ടാന്തമിറങ്ങിയ കാലം മുതൽ അല്ലാഹു വിവിധ വെളിപാടുകൾ, ഇതു സംബന്ധമായി നല്കിയിരുന്നു. **അതിലൊന്ന് 2010 ജൂൺ 22നു ലഭിച്ചതാണ്.** അത് ക്രിയോൾ ഭാഷയിലാണ് ലഭിച്ചത്. സൈറ്റിൽ സെർച്ച് ചെയ്യുകയാണെങ്കിൽ അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഉൾപ്പടെ നിങ്ങൾക്ക് ലഭിക്കുന്നതാണ് അത് കേൾക്കുക.

മനുഷ്യകുലത്തെ നശിപ്പിക്കുവാൻ പര്യാപ്തമായ തരത്തിലുള്ള എല്ലാവിധ ആയുധങ്ങളുടെയും പിന്നാലെയാണ് ചൈന. അതിന്റെ ജനസംഖ്യയെപ്പറ്റി നോക്കിയാൽ ആ രാജ്യത്ത് ജനസംഖ്യാപെരുപ്പം കൊണ്ട് പൊറുതിമുട്ടുകയാണ്. വീടും സൗകര്യങ്ങളുമില്ലാതെ ആളുകൾ പൈപ്പുകളിൽ കിടന്നുറങ്ങുന്നു-വിശപ്പു കൊണ്ട് മരണത്തോട് മല്ലിടുന്നവർ-അവരൊക്കെ മൃഗങ്ങളെക്കാൾ നാരകീയമായ ജീവിതം നയിക്കുന്നു.....ചൈനയിൽ അജ്ഞതയുടെ കാലം വന്നു... ചൈനയുടെ വിവിധ പ്രദേശങ്ങളിൽ.... ഇന്ത്യയിലും ചൈനയിലെ വിവിധ പ്രദേശങ്ങളിലും ദാരിദ്ര്യം......ഇന്ത്യയിലും ബംഗ്ലാദേശിലും, അഫ്ഗാനിസ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിലും.... അജ്ഞതയുടെ കാലമെത്തിക്കഴിഞ്ഞു. സർവ്വയിടവും മാലിന്യത്താൽ മൂടപ്പെട്ടു. അഴിമതിയും കുറ്റകൃത്യങ്ങളും വർദ്ധിച്ചു.

**(2010 ജൂൺ 22ന് ലഭിച്ച ദൈവീക വെളിപാടിന്റെ സാരാംശം)**

അല്ലയോ മനുഷ്യരേ! നിങ്ങളോർക്കുക, ഒരു മറുമരുന്ന് കണ്ടുപിടിച്ച് അത് ജനങ്ങളിൽ പ്രയോഗിച്ച് അവരെ രോഗത്തിൽ

നിന്നും രക്ഷിക്കാനാവുന്നതിനും വളരെ മുന്നേതന്നെ ലക്ഷക്കണക്കിനാളുകളുടെ ജീവനെടുക്കാൻ ശേഷിയുള്ള ഒരു മാരകവൈറസിന്റെ കടന്നാക്രമണത്തെപ്പറ്റി അതിന്റെ ആഗമനത്തെപ്പറ്റി, 2017 സെപ്തംബർ 29ന് നടത്തിയ ജും ആ ഖുത്തുബയിൽ ഞാൻ പ്രവചിച്ചിരുന്നത് ഓർത്തു നോക്കുക. ഞാൻ നിങ്ങളോട് നിങ്ങൾക്കുവേണ്ട സാധനങ്ങൾ കരുതിവെക്കാൻ ആവശ്യപ്പെട്ടിരുന്നു. ദയവായി വീണ്ടും അത് ഒന്നു കേൾക്കൂ.

അല്ലെയോ എന്റെ പ്രീയ സഹോദരന്മാരെ, സഹോദരിമാരെ– മനുഷ്യകുലമേ. മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും, ഭക്ഷ്യവസ്തുക്കൾ കരുതി വയ്ക്കുകയും ചെയ്തുകൊള്ളുക. ഒരു സ്ഥലത്തുനിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് (രാജ്യങ്ങളിൽ നിന്നും രാജ്യങ്ങളിലേക്ക്) ഭക്ഷ്യവസ്തുക്കൾ വരാത്ത അവസ്ഥയുണ്ടാകും. അതിനാൽ നിങ്ങൾ നിങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുകയും, സൂക്ഷിച്ച് വെയ്ക്കുകയും ചെയ്യുക. വരാൻ പോകുന്ന വിപത്തിനെ കരുതിയിരിക്കുക. ഭക്ഷ്യക്ഷാമം അനുഭവപ്പെടും–അപ്പോൾ നിങ്ങൾക്ക് ഒന്നും ലഭിക്കുകയുമില്ല. അമിതമായി വാങ്ങി, കരുതി വെയ്ക്കുക. ഇതൊക്കെ എന്തുചെയ്യാനാണ് നശിച്ചുപോവുകയല്ലേയുള്ളു എന്ന് പറയാതിരിക്കുക (അത് പറയരുത്) ഭാവിയിൽ വരാനിരിക്കുന്നതിനെ പറ്റി ചിന്തിക്കുക. നിങ്ങൾക്കതറിയില്ല ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയാണ്.

**മനുഷ്യന്റെ മരണത്തിനു കാരണമാകുന്ന മറ്റൊന്നിനെപ്പറ്റി ഞാൻ നിങ്ങളെ അറിയിയ്ക്കുന്നു. അത് രോഗങ്ങളാണ്. മറ്റൊരു തരത്തിലുള്ള വൈറസ് പ്രത്യക്ഷപ്പെടും. ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന ആ മാരക വൈറസ് ലോകമെമ്പാടും നാശം വിതച്ച്, സംഹാരതാണ്ഡവമാടും**. ഈ വൈറസ് മുഖേന അനേകം മനുഷ്യർ മരണം പുൽകും. ആളുകൾ ഈ വൈറസിനെപ്പറ്റി കേൾക്കുകയും, അതിനെകുറിച്ച് ഗവേഷണം നടത്തുകയും ചെയ്യും. പക്ഷേ, അവരങ്ങനെ അതെപ്പറ്റി അന്വേഷിച്ച്, അതിനൊരു മറുമരുന്ന് കണ്ടെത്തി വരുമ്പോഴേക്കും ദശലക്ഷക്കണക്കിന് ആളുകൾ മരണത്തിനു കീഴടങ്ങിയിട്ടുണ്ടാവും, അതാണ് അന്ത്യനാളിന്റെ അടയാളം (വിധിനാളിന്റെ) **ഖിയാമത്ത് നാൾ,** എന്നാൽ, എന്താണ് എന്നാണ്, നിങ്ങൾ മനസ്സി

ലാക്കിയിരിക്കുന്നത്? എല്ലാവരും ഒറ്റയടിക്ക് മരിച്ച് മണ്ണോട് അടിയുന്ന ദിനമല്ല അത്. ആയിരക്കണക്കിന് -ലക്ഷക്കണക്കിന് ആൾക്കാർ മരിക്കുന്ന-ആ കാലം. അതൊരു ഖിയാമത്ത് നാളാണ് -ആ മരിക്കുന്നവരെ സംബന്ധിച്ചിടത്തോളം. ആ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം!

അതിനാൽ എന്റെ പ്രീയ സഹോദരന്മാരെ, സഹോദരിമാരെ, വേണ്ട മുൻകരുതലുകൾ എടുത്തുകൊൾക. അധികമധികമായി ദുആകൾ ചെയ്യുക. നിങ്ങൾ നിങ്ങളുടെ നിത്യനമസ്ക്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതോടൊപ്പം നഫ്ൽ നമസ്ക്കാരങ്ങളും അനുഷ്ഠിക്കുക. അല്ലാഹുവിനോടുള്ള ദുആകളാൽ നിങ്ങളുടെ ഓരോ ദിനങ്ങളും നിറയ്ക്കുക.

ഇസ്ലാമിലേക്ക് തിരിയുക. നിത്യവും ഖുർആൻ പാരായണം ചെയ്യുക. ധാരാളമായി ദാനധർമ്മങ്ങൾ ചെയ്യുക. പ്രാർത്ഥനകളും, നല്ല പ്രവൃത്തികളും നിത്യശീലമാക്കുക. അതുവഴി അല്ലാഹുനമ്മെ രക്ഷിക്കുമാറാകട്ടെ. കാരണം, ഇത് നിശ്ചയമായും, മനുഷ്യസമൂഹത്തിനു മേൽ ഒരു കഠിന പരീക്ഷണമാണ്, നിരപരാധികളും കഷ്ടതകളനുഭവിക്കേണ്ടി വരും.

നമുക്ക് നമ്മുടെ ജീവിതത്തെ അല്ലാഹുവിന്റെ തൃപ്തി ലഭിക്കാൻ സാധിക്കുന്ന രീതിയിൽ മാറ്റിയെടുക്കാം. അവന്റെ കോപത്തിനു പാത്രമാകാതെ മാറി നില്ക്കാം. ഭൗതീകമായ മറ്റെന്തിനേക്കാളുപരി നമുക്ക് നമ്മുടെ ദീനിനെ ചേർത്തു പിടിക്കാം. നമുക്ക് നമ്മെത്തന്നെ അല്ലാഹുവിനോട് ചേർത്തു നിർത്താം. വരാൻ പോകുന്ന മഹാവിപത്തിൽ നിന്നും, നമ്മെ രക്ഷപ്പെടുത്താൻ അല്ലാഹുവിനു മാത്രമേ സാധിക്കുകയുള്ളൂ. ഇൻശാ അല്ലാഹ്!

## 2017 സെപ്റ്റംബർ 29നു നടത്തിയ വെള്ളിയാഴ്ച ഖുത്തുബാ സംഗ്രഹം

അല്ലയോ മനുഷ്യരെ! നിങ്ങളോർക്കുക, ഒരു മറുമരുന്ന് കണ്ടുപിടിച്ച് അത് ജനങ്ങളിൽ പ്രയോഗിച്ച് അവരെ രോഗത്തിൽ നിന്നും രക്ഷിക്കാനാവുന്നതിനും മുന്നേ തന്നെ ലക്ഷക്കണക്കിന് ആളുകളുടെ ജീവനെടുക്കാൻ തക്ക ശേഷിയുള്ള ഒരു മാരകവൈറസിന്റെ

കടന്നാക്രമണത്തെപ്പറ്റി-അതിന്റെ ആഗമനത്തെപ്പറ്റി 2017 സെപ്തംബർ 29 വെള്ളിയാഴ്ച നടത്തിയ ജുംആ ഖുത്തുബയിൽ ഞാൻ പ്രവചിച്ചിരുന്നത്, ഒന്നോർത്തു നോക്കുക. ഞാൻ നിങ്ങളോട് നിങ്ങൾക്കു വേണ്ട സാധനങ്ങൾ കരുതി വെക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ദയവു ചെയ്ത് ആ ഖുത്തുബ വീണ്ടും കേട്ടു നോക്കൂ.

അല്ലാഹുവിൽ നിന്നും ലഭിച്ച വെളിപാടുകളുടെ അടിസ്ഥാനത്തിൽ **2020 മാർച്ച് 27 വെള്ളിയാഴ്ച** നടത്തിയ ജും ആ ഖുത്തുബയിൽ **കൊറോണ വൈറസിനെപ്പറ്റി** ഞാൻ നിങ്ങളോട് സംസാരിച്ചിരുന്നു. ലോകത്തെ മുട്ടുകാലിന്മേൽ നടത്തിയ മാരകവൈറസാണ് കൊറോണ. മനുഷ്യൻ വൈറസ് കണ്ടു പിടിയ്ക്കുന്നത് രണ്ട് ഉദ്ദേശ്യങ്ങളോടെയാണ്. ഒന്ന് ഗവേഷണ ആവശ്യങ്ങൾക്കും, രണ്ട് ലോകത്തെ നശിപ്പിക്കുന്നതിനും, യുദ്ധസമയങ്ങളിലും മറ്റും ജൈവായുധമായി പ്രയോഗിച്ച് മറ്റു രാജ്യങ്ങൾക്കുമേൽ അധീശത്വം സ്ഥാപക്കുന്നതിനു വേണ്ടിയുള്ളതാണ് രണ്ടാമത്തെ ഈ ലക്ഷ്യം.

ജൈവായുധ നിർമ്മാണ ഗവേഷണങ്ങളിൽ മുന്നേറുന്ന ചൈനയും, മറ്റുവൻ ശക്തി രാഷ്ട്രങ്ങളും മാത്രമല്ല അമേരിക്കയും 1918 ലെ കൊലയാളി വൈറസായ സ്പാനിഷ് വൈറസിനെ പുനർനിർമ്മിച്ചിട്ടുണ്ട് എന്ന വസ്തുതയെപറ്റി നിങ്ങൾ ബോധവാന്മാരായിരിക്കണം. ഡോക്ടർ, ടെറൻസ് ടംപി എന്ന ശാസ്ത്രജ്ഞൻ 2005 ജൂലൈ മാസത്തിലാണ് ഈ വൈറസിനെ പുനർനിർമ്മിച്ചത്. ഇല്ലാതായ വൈറസുകളെ പുനർനിർമ്മിക്കുന്നത് അപകടകരമല്ല എന്ന് ഇപ്പോൾ തോന്നുമെങ്കിലും, അനതി-വിദൂരഭാവിയിൽ ഇത് മനുഷ്യകുലത്തിന് മാരകവിപത്തായി മാറിയേക്കാം. കൗതുകകരമായ കാര്യം എന്തെന്നുവച്ചാൽ വരാൻ പോകുന്ന വിപത്തിനെക്കുറിച്ച് അല്ലാഹു തന്റെ ദൂതനെ മുൻകൂട്ടി വിവരം അറിയിക്കുകയുണ്ടായി എന്നതത്രേ. അജ്ഞതയും, അലംഭാവവും കാരണം, തീ കൊണ്ട് കളിക്കുന്നവൻ തീപ്പൊള്ളലിന് വിധേയനാകുന്നതു പോലെയാണിത്തരം പുനർനിർമ്മാണ ഗവേഷണങ്ങൾ.

പ്രിയരെ, നിങ്ങൾ പ്രതാപവാനും സർവ്വലോക സംരക്ഷകനുമായ അല്ലാഹുവിനെ ഭയപ്പെടുകയും അവനെ മാത്രം ആരാധിക്കു

കയും ചെയ്യുക. നിങ്ങളുടെ കണ്ടുപിടുത്തങ്ങൾ തന്നെ നിങ്ങൾക്കുള്ള ശിക്ഷയ്ക്കുള്ള ആയുധമാക്കി അല്ലാഹു മാറ്റുന്നതാണ്.

അല്ലെങ്കിൽ നിങ്ങൾ വിചാരിക്കാത്ത തരത്തിലുള്ള പരീക്ഷണങ്ങൾ നിങ്ങൾക്കൊരു താക്കീതായും, നിങ്ങൾ പശ്ചാത്തപിച്ച് മടങ്ങി ശരിയായ പാതയിൽ നടക്കുന്നതിനും വേണ്ടി, അല്ലാഹു നല്കുന്നതാണ് എന്ന കാര്യം എപ്പോഴും ഓർത്തു കൊള്ളുക. നിർണ്ണായകമായ ഒരു കാലയളവിലൂടെയാണ് നാം കടന്നുപോകുന്നത്. ആയതിനാൽ നിങ്ങളുടെ പ്രവൃത്തികൾ പരിഷ്ക്കരിക്കുകയും, പ്രതാപശാലിയായ അല്ലാഹുവിലേക്ക് തിരിയുകയും ചെയ്യുക. **തിന്മകൾ, (പാപങ്ങൾ) നിങ്ങളിലെ നന്മകളെ തിന്നാതിരിയ്ക്കട്ടെ. നന്മകളും, പ്രാർത്ഥനകളും കൊണ്ട് തിന്മകളെ എതിരിടുക.**


നൂറ്റാണ്ടുകളായി അല്ലാഹുവും അവന്റെ ദൂതന്മാരും നല്കിയിരിക്കുന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും, കല്പനകളും പാലിക്കുവാൻ ഞാൻ മാനവരാശിയെ ഉപദേശിക്കുകയാണ്. തിരുനബി മുഹമ്മദ് (സ) ശുചിത്വം വിശ്വാസത്തിന്റെ പകുതിയാണെന്ന് പഠിപ്പിച്ചിരിക്കുന്നു. ഇസ്ലാമിലെ വുളുഎടുക്കലിൽ(അംഗശുദ്ധീകരണം) അനുവർത്തിക്കുന്ന രീതികൾ ശാരീരികമായി ഏതൊരു വ്യക്തിയെയും ശുചിത്വം പാലിക്കുന്നതിനും, പുറമേ നിന്നുള്ള ഏതൊരു സൂക്ഷ്മജീവിയെയും അകറ്റി നിർത്തുന്നതിനും സഹായിയ്ക്കുന്നുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പുതതന്നെ വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യവും അതു നേടിയെടുക്കേണ്ടവിധവും മുസ്ലിംകൾക്ക് വ്യക്തമായ ധാരണയും, പരിശീലനവും നല്കിയിരിക്കുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ വേണ്ടവിധത്തിൽ മുസ്ലിംകൾ ഉൾപ്പടെയുള്ള ലോകജനത പാലിക്കുകയാണെങ്കിൽ കൊറോണ പോലെയുള്ള മാരകമായ വൈറസുകളിൽ നിന്നും ബാക്ടീരിയകളിൽ നിന്നും സുരക്ഷിതരായിരിക്കുവാൻ സാധിക്കും. പക്ഷേ, ഇവ ചെയ്യേണ്ടത് പ്രാർത്ഥനയോടെയും, ഏകദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തോടെയും, ദുഷ്ചിന്തകളിൽ നിന്നും, പാപങ്ങളിൽ നിന്നും മുക്തമായ, ഭക്തിയാർന്ന ഒരു ജീവിതശൈലി അവലംബിച്ചു കൊണ്ടും ആയിരിക്കണം.

മനുഷ്യസമൂഹത്തോടും, എല്ലാ മുസ്ലിംകളോടും എന്റെ അനുയായികളോടും ഉള്ള എന്റെ ആഹ്വാനം ഇതാണ്. നിങ്ങൾ ഒരിയ്ക്കലും ഈ വൈറസിനെ ഭയക്കരുത്. മറിച്ച് നിങ്ങൾ അല്ലാഹുവിനെ ഭയക്കണം. നിങ്ങൾ നിങ്ങളുടെ ദൈവത്തോട് ആത്മാർത്ഥത പുലർത്താത്തവർ ആണെങ്കിൽ അവന്റെ ശിക്ഷയെ ഭയന്നുകൊള്ളുക. നിങ്ങളുടെ ഹൃദയങ്ങളിൽ നിങ്ങൾ ഒളിപ്പിച്ചു വച്ചിരിക്കുന്നത് അവൻ മാത്രം നന്നായി അറിയുന്നു. എന്റെ അനുയായികളിലും, മാനവരാശിയിലും, നിഷ്ക്കളങ്കരായിട്ടുള്ള ആത്മാർത്ഥത പുലർത്തുന്ന ആരും, തങ്ങളുടെ നിത്യപ്രാർത്ഥനകൾ കൃത്യമായി അനുഷ്ഠിക്കുന്നവരും, ദൈവീക മാർഗ്ഗദർശനങ്ങളിലും, അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലും വിശ്വാസമർപ്പിക്കുന്നുവരും ആണെങ്കിൽ അവർക്ക് ഈ വൈറസിനെ തൊട്ട് പേടിക്കേണ്ടതില്ല. അല്ലാഹു നിങ്ങളെ എല്ലാവരെയും സുരക്ഷിതരും, സന്തോഷഭരിതരും ആക്കുകയും, ഈ ലോകത്ത് ദീനുൽ ഇസ്ലാമിന്റെ വ്യാപനത്തിനായി കഠിനാധ്വാനം ചെയ്യുന്നവരും ആക്കിത്തീർക്കുകമാറാകട്ടെ ആമീൻ ! സുമ്മ ആമീൻ!

സശ്രദ്ധം കേട്ടതിന് നന്ദി

!അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തഹു!

!ഇൻശാ അല്ലാഹ് ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*